# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.09.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വെല്ലുവിളികൾ നേരിടാൻ ഗ്ലോബൽ സൗത്തിനും സഹായം ലഭ്യമാക്കണമെന്ന ഇന്ത്യയുടെ ആഹ്വാനവുമായി പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടി ന്യൂഡൽഹിയിൽ സമാപിച്ചു; അടുത്ത അധ്യക്ഷപദം ചൈനയ്ക്ക്.

   **The 18th BRICS Summit concludes in New Delhi with India calling for support to the Global South to address emerging challenges; China to assume the next BRICS chairmanship.**

2. ഉഭയകക്ഷി സഹകരണത്തിനു കൂടുതൽ കരുത്തു പകരാൻ ബ്രിക്സ് ഉച്ചകോടിക്കിടെ വിവിധ രാഷ്ട്രത്തലവന്മാരുമായി ചർച്ച നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi holds talks with several Heads of State and Government on the sidelines of the BRICS Summit to further strengthen bilateral cooperation.**

3. സാമ്പത്തിക-ധനകാര്യ സഹകരണം ഉറപ്പാക്കുന്നതിന് ഉസ്ബെക്കിസ്ഥാൻ ഉപപ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

   **Union Finance Minister Nirmala Sitharaman meets Deputy Prime Minister of Uzbekistan to strengthen economic and financial cooperation.**

4. മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം കേരളത്തിലെത്തി; കോഴിക്കോട് വിമാനത്താവളത്തിൽ സ്വീകരണമൊരുക്കി സംസ്ഥാന സർക്കാർ.

**Malaysian Prime Minister Anwar Ibrahim arrives in Kerala; State Government accords reception at Kozhikode Airport.**

5. ഇന്തോനേഷ്യയിൽ യാത്രാബോട്ട് മുങ്ങി 130-ലധികം പേരെ കാണാതായി ; ആറ് മരണം സ്ഥിരീകരിച്ചു.

**Over 130 people remain missing after a passenger boat capsizes in Indonesia; six deaths confirmed.**

6. ഇന്ത്യ-അഫ്ഗാനിസ്ഥാൻ പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ബൗളിങ് തെരഞ്ഞെടുത്തു.

**India win the toss and elect to bowl in the first match of the India-Afghanistan Men's T-20 Cricket series.**

**&&&&&&&&&&&&&&&&&&&&**

## PM- BRICS

ഇന്ത്യയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടി സമാപിച്ചു. ബ്രിക്സ് കൂട്ടായ്മയുടെ ഭാവിനയങ്ങളും നിർദ്ദേശങ്ങളും പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകോടിയിൽ മുന്നോട്ടുവച്ചു. വെല്ലുവിളികൾക്കായി രൂപപ്പെടുന്ന പരിഹാരങ്ങളുടെ പ്രയോജനങ്ങൾ ബ്രിക്സ് കൂട്ടായ്മയിൽ മാത്രം ഒതുങ്ങരുതെന്നും, ഗ്ലോബൽ സൗത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഇവയെ ലഭ്യമാക്കണമെന്നും ശ്രീ മോദി ആവശ്യപ്പെട്ടു. അടുത്ത അധ്യക്ഷപദം ഏറ്റെടുക്കുന്ന ചൈനയ്ക്ക് പ്രധാനമന്ത്രി ആശംസകൾ നേർന്നു.

**&&&&&&&&&&&&&&&&&&&&**

## BRICS SUMMIT-INTRO

ഉച്ചകോടിയിൽ അംഗീകരിച്ച 'ന്യൂഡൽഹി പ്രഖ്യാപനം' ഭാവി സഹകരണങ്ങൾക്ക് വ്യക്തമായ വഴിതെളിക്കുമെന്ന് പ്രധാനമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു.

**വിശദാംശ ങ്ങളിലേക്ക് .....**

**(വോയിസ്)**

**BRICS SUMMIT- VOICE**

ബ്രിക്സ് കൂട്ടായ്മ മൂന്നാം ദശകത്തിലേക്ക് കടക്കുന്ന വേളയിൽ സാധാരണക്കാരുടെ ജീവിതത്തിന് നേരിട്ട് പ്രയോജനം ലഭിക്കുന്നതിനായുള്ള കർമ്മപദ്ധതികൾ നടപ്പാക്കണമെന്ന് ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. മഹാമാരികൾ, കാലാവസ്ഥാവ്യതിയാനം മൂലമുള്ള ദുരന്തങ്ങൾ, വിതരണശൃംഖലയിലുണ്ടാകുന്ന തടസ്സങ്ങൾ എന്നിവ ഇന്നത്തെ ലോകത്ത് ഒരു പ്രദേശത്തു മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. അതിനാൽ വെല്ലുവിളികൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് ഉടൻ നടപടികൾ സ്വീകരിക്കാൻ ഏകോപിത മുൻകൂർ അറിയിപ്പ് സംവിധാനം സ്ഥാപിക്കാൻ ബ്രിക്സിൽ ധാരണയായി.

**(പിഎം വോയിസ്)**

സാങ്കേതികവിദ്യകളെയും സുപ്രധാന ധാതുക്കളെയും ആയുധമാക്കുന്നത് ആഗോള പുരോഗതിക്ക് തടസ്സമാകുമെന്ന് പ്രധാനമന്ത്രി മുന്നറിയിപ്പ് നൽകി. സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കാൻ 'ബ്രിക്സ് ഇൻകുബേറ്റർ നെറ്റ്‌വർക്ക്', 'ബ്രിക്സ് സ്റ്റാർട്ടപ്പ് ഇന്നൊവേഷൻ ഫണ്ട്' എന്നിവയും ഇന്ത്യ നിർദ്ദേശിച്ചു.
ന്യൂസ് ഡെസ്ക് ആകാശവാണി

**&&&&&&&&&&&&&&&&&&&&**

**BRICS- INTRO**

ബ്രിക്സ് ഉച്ചകോടിയിൽ മാറ്റങ്ങൾക്ക് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രഖ്യാപനങ്ങൾക്കും ആശയങ്ങൾക്കും ഉപരിയായി പ്രായോഗിക തീരുമാനങ്ങളിലൂടെ താഴെത്തട്ടിൽ മാറ്റങ്ങൾ കൊണ്ടുവരാൻ സമയബന്ധിത നടപടികൾ വേണമെന്ന് അദ്ദേഹം നിർദേശിച്ചു.

ഒരു റിപ്പോർട്ട്.....

(വോയിസ്)

**BRICS- VOICE**

ചെറുകിട സംരംഭങ്ങളെ സാങ്കേതികവിദ്യ, ധനസഹായം, പുതിയ വിപണികൾ എന്നിവയുമായി ബന്ധിപ്പിക്കുന്നതിന് 'ബ്രിക്സ്-എംഎസ്എംഇ സഹകരണ പോർട്ടൽ' ഇന്ത്യ നിർദ്ദേശിച്ചു. നഗരങ്ങൾ തമ്മിൽ മികച്ച രീതികൾ പങ്കുവയ്ക്കുന്നതിനായി 'ബ്രിക്സ് അർബൻ മൊബിലിറ്റി ഹബ്ബും' ഇന്ത്യ സ്ഥാപിച്ചു. വിതരണശൃംഖലകൾ ശക്തമാക്കുന്നതിന് പ്രത്യേക ചട്ടക്കൂട് വഴിയൊരുക്കും. കർഷകരുടെ ആവശ്യങ്ങൾക്കായി ബ്രിക്സ് നെറ്റ്‌വർക്ക് ഓൺ ഡിജിറ്റൽ അഗ്രികൾച്ചർ', ഊർജ സംഭരണത്തിനായി ബ്രിക്സ് ഡിജിറ്റൽ മികവിന്റെ കേന്ദ്രം എന്നിവ പ്രയോജനപ്പെടുത്തുമെന്നും ശ്രീ മോദി വ്യക്തമാക്കി.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&&&

**EVE. PM-BILATERALS**

ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ലോകനേതാക്കളുമായി ഉഭയകക്ഷി ചർച്ച നടത്തി. കസാഖ്സ്ഥാൻ പ്രസിഡന്റ് കാസിം-ജോമാർട്ട് ടോകയേവുമായി നടത്തിയ കൂടിക്കാഴ്ചയിൽ വാണിജ്യ, പ്രതിരോധ, ഊർജ്ജ മേഖലകളിലെ സഹകരണം അവലോകനം ചെയ്തു. ഈജിപ്ത് പ്രസിഡന്റ് അബ്ദെൽ

ഫത്താ അൽ-സിസിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ പ്രാദേശിക വികസനം ചർച്ചയായി. ആസിയാൻ അധ്യക്ഷ രാജ്യമായ ഫിലിപ്പീൻസിന്റെ പ്രസിഡന്റ് ഫെർഡിനാൻഡ് ആർ. മാർക്കോസ് ജൂനിയറുമായി നടത്തിയ ചർച്ചയിൽ പ്രതിരോധം, വ്യാപാരം, തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കാൻ ധാരണയായി. ഇന്തോനേഷ്യ, ദക്ഷിണാഫ്രിക്ക, ബുറുണ്ടി പ്രസിഡന്റുമാരുമായും ശ്രീ മോദി ചർച്ച നടത്തി.

&&&&&&&&&&&&&&&&&&&&

## SITHARAMAN-KUCHKAROV

ഉച്ചകോടിക്കിടെ, കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഉസ്ബെക്കിസ്ഥാൻ ഉപപ്രധാനമന്ത്രി ജംഷിദ് കുച്ച്കറോവുമായി കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി സാമ്പത്തിക-ധനകാര്യ സഹകരണം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&&&

## JAISHANKAR-SAUDI FM

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ സൗദി വിദേശകാര്യ മന്ത്രി ഫൈസൽ ബിൻ ഫർഹാൻ അൽ സൗദ് രാജകുമാരനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യയും സൗദി അറേബ്യയും തമ്മിലുള്ള ഉഭയകക്ഷി സഹകരണം, പ്രാദേശിക-അന്തർദേശീയ സംഭവവികാസങ്ങൾ എന്നീ വിഷയങ്ങളിൽ ഇരുനേതാക്കളും ആശയവിനിമയം നടത്തി.

&&&&&&&&&&&&&&&&&&&&

## DEF. SECY- VIETNAM DEF. MIN.

ന്യൂഡൽഹിയിൽ ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി, പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗ്, വിയറ്റ്നാം പ്രതിരോധ ഉപമന്ത്രി

ഗുയെൻ താങ്ങുമായി കൂടിക്കാഴ്ച നടത്തി. സൗഹൃദബന്ധം ശക്തിപ്പെടുത്തൽ, പ്രാദേശിക സുരക്ഷ മെച്ചപ്പെടുത്തൽ, സമഗ്ര തന്ത്രപ്രധാന പങ്കാളിത്തം എന്നിവയിൽ ചർച്ച ശ്രദ്ധ കേന്ദ്രീകരിച്ചു.

&&&&&&&&&&&&&&&&&&&&

## AYUSH-NEW DELHI DECLARATION

'ന്യൂഡൽഹി പ്രഖ്യാപന'ത്തിൽ പരമ്പരാഗത, സംയോജിത വൈദ്യശാസ്ത്രത്തിന് ലഭിച്ച അംഗീകാരം ഈ മേഖലയിലെ ആഗോള സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണെന്ന് കേന്ദ്ര മന്ത്രി പ്രതാപ്റാവു ജാദവ്. ബ്രിക്സ് ആരോഗ്യ വിഭാഗത്തിന് കീഴിൽ പരമ്പരാഗത, സംയോജിത വൈദ്യശാസ്ത്രത്തിനായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന വിദഗ്ധ കർമസമിതി, അംഗരാജ്യങ്ങൾക്ക് അറിവ് പങ്കുവയ്ക്കാനും ഗവേഷണം ശക്തിപ്പെടുത്താനും വേദി ഒരുക്കുമെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## MALAYSIAN PM

മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം ഔദ്യോഗിക സന്ദർശനത്തിനായി കേരളത്തിലെത്തി. ന്യൂഡൽഹിയിൽ ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുത്ത ശേഷമാണ് അദ്ദേഹം കോഴിക്കോട് എത്തിയത്. സംസ്ഥാന സർക്കാറിന് വേണ്ടി കൃഷി മന്ത്രി ടി.സിദ്ധീഖ് അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു.

&&&&&&&&&&&&&&&&&&&&

## SHAMSUDHEEN

കേരളത്തിൽ നിന്ന് ഹജ്ജ് തീർത്ഥാടനത്തിന് തിരഞ്ഞെടുക്കപ്പെട്ട ഹാജിമാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കാനുള്ള തീയതി നീട്ടി നൽകണമെന്ന് മന്ത്രി എൻ. ഷംസുദ്ദീൻ. ഇക്കാര്യം ആവശ്യപ്പെട്ട് കേന്ദ്രമന്ത്രി കിരൺ റിജിജുവിന് അദ്ദേഹം കത്തയച്ചു.

&&&&&&&&&&&&&&&&&&&&

## SABARIMALA

ശബരിമല തീർത്ഥാടകർക്ക് സുരക്ഷിതവും ഗുണമേന്മയുള്ളതുമായ റോഡുകൾ ഉറപ്പാക്കാൻ 550 കോടി രൂപ അനുവദിച്ചതായി മന്ത്രി പി.കെ.ബഷീർ. മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയെ തുടർന്നാണ് തുക അനുവദിച്ചത്.

&&&&&&&&&&&&&&&&&&&&

## REV EVE. INDONESIA FERRY

ഇന്തോനേഷ്യയിൽ 240-ലധികം പേരുമായി സഞ്ചരിച്ച യാത്രാബോട്ട് മറിഞ്ഞ് യാത്രക്കാരും ജീവനക്കാരും ഉൾപ്പെടെ 130ലധികം പേരെ കാണാതായി. ഇതുവരെ ആറു മരണം സ്ഥിരീകരിച്ചു. ജാവാ കടലിൽ മോശം കാലാവസ്ഥയെ തുടർന്നാണ് ബോട്ട് മറിഞ്ഞത്.

&&&&&&&&&&&&&&&&&&&&

## IND-AFG T20

ഇന്ത്യ-അഫ്ഗാനിസ്ഥാൻ പുരുഷ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ബൗളിങ് തെരഞ്ഞെടുത്തു. പരമ്പരയിലെ മൂന്നു കളികളും നടക്കുന്നത് ഡൽഹിയിലാണ്.

&&&&&&&&&&&&&&&&&&&&

## T-20 ASIA CUP

ടി-20 വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്കയെ നേരിടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം.

&&&&&&&&&&&&&&&&&&&&

## HOCKEY-WOMENS JR ASIA CUP

ജൂനിയർ ഏഷ്യാ കപ്പ് പുരുഷ-വനിതാ കിരീടങ്ങൾ ഇന്ത്യക്ക്. ആതിഥേയരായ ചൈനയെ തോൽപ്പിച്ചാണ് വനിതാ ടീം തുടർച്ചയായ മൂന്നാം തവണയും കിരീടം സ്വന്തമാക്കിയത്. ദക്ഷിണ കൊറിയയെ പരാജയപ്പെടുത്തി, ഇന്ത്യൻ പുരുഷ ടീമും കിരീടം നിലനിർത്തി.

&&&&&&&&&&&&&&&&&&&&

## TENNIS - US OPEN

യുഎസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനലിൽ അലക്സാണ്ടർ സ്വെരേവ്, ബെൻ ഷെൽട്ടനെ നേരിടും. ഇന്ത്യൻ സമയം ഇന്ന് രാത്രി 11:30-നാണ് മത്സരം. ഇന്നു പുലർച്ചെ നടന്ന വനിതാ സിംഗിൾസ് ഫൈനലിൽ അരീന സബലെങ്കയെ പരാജയപ്പെടുത്തി, എലീന റൈബാക്കിന കിരീടം നേടി.

&&&&&&&&&&&&&&&&&&&&

## KSEB

കേരളത്തിൽ ഇന്നും വൈദ്യുതി നിയന്ത്രണം ഉണ്ടാകുമെന്ന് കെ എസ് ഇ ബി. രാത്രി 12.45 വരെയാണ് നിയന്ത്രണം.

&&&&&&&&&&&&&&&&&&&&

## RAIN KERALAM

കേരളത്തിൽ നാളെ മുതൽ പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, പാലക്കാട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&&&&&

## INDIA - NEPAL ASSISTANCE

വെള്ളപ്പൊക്കം ബാധിച്ച ബെത്രാവതി മേഖലയിലെ ഗതാഗതസൗകര്യം പുനഃസ്ഥാപിക്കുന്നതിനായി, 70 മീറ്റർ നീളമുള്ള ബെയ്‌ലി പാലത്തിന്റെ ഭാഗങ്ങളുടെ ആദ്യ ബാച്ച് നേപ്പാളിൽ എത്തിച്ച് ഇന്ത്യ. നേപ്പാൾ റോഡ് വിഭാഗത്തിന് സാമഗ്രികൾ കൈമാറിയതായി നേപ്പാളിലെ ഇന്ത്യൻ അംബാസഡർ നവീൻ ശ്രീവാസ്തവ അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## MAHA-SHAH-HINDI DIWAS

ഹിന്ദി ദിവസ് ആഘോഷങ്ങളുടെയും ആറാമത് അഖിലേന്ത്യാ ഔദ്യോഗിക ഭാഷാ സമ്മേളനത്തിന്റെയും ഉദ്ഘാടനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നാളെ മുംബൈയിൽ നിർവഹിക്കും. ഹിന്ദി ഭാഷയുടെ പ്രചാരണത്തിനായി മികച്ച സംഭാവന നൽകിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി 2025-26 വർഷത്തെ രാജ്ഭാഷാ ഗൗരവ്, രാജ്ഭാഷാ കീർത്തി പുരസ്കാരങ്ങൾ സമ്മാനിക്കും.

&&&&&&&&&&&&&&&&&&&&

## SOCIAL JUSTICE - SENIOR CITIZENS

താമസം, പോഷകാഹാരം, ആരോഗ്യപരിപാലന സേവനങ്ങൾ, വിനോദം, മറ്റ് അവശ്യ സഹായ സൗകര്യങ്ങൾ എന്നിവയിലൂടെ 2 ലക്ഷത്തി എൺപത്തിഎണ്ണായിരത്തിലധികം മുതിർന്ന പൗരന്മാർക്ക് പ്രയോജനം ലഭിച്ചതായി സാമൂഹ്യനീതി-

ശാക്തീകരണ മന്ത്രാലയം സെക്രട്ടറി സുധാംശ് പന്ത് അറിയിച്ചു. മുതിർന്ന പൗരന്മാർക്ക് പരിചരണവും അവശ്യ സഹായവും ലഭ്യമാക്കുന്നത് ശക്തിപ്പെടുത്തുന്നതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ, 142 പുതിയ 'സീനിയർ സിറ്റിസൺ ഹോമുകൾക്ക്' അനുമതി നൽകിയതായി അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## HOUTHI-SAUDI CONFLICT

യെമനിൽ ഇറാന്റെ പിന്തുണയുള്ള ഹൂതി വിമതർ സൗദി അറേബ്യയ്ക്ക് നേരെ വീണ്ടും ആക്രമണം നടത്തിയതായി റിപ്പോർട്ട്. സൗദിയിലെ ഷറൂറ പ്രവിശ്യയിലുള്ള സൈനിക താവളം ലക്ഷ്യമിട്ടാണ് ആക്രമണം നടത്തിയതെന്ന് ഹൂതി സൈനിക വക്താവ് അവകാശപ്പെട്ടു. അതേ സമയം ഹൂതി വിമതരുടെ മുന്നേറ്റം ആശങ്കാജനകമാണെന്ന് യെമനിലെ സൗദി പിന്തുണയുള്ള സർക്കാർ വ്യക്തമാക്കി. ഇത് യെമനിൽ വീണ്ടും ആഭ്യന്തരയുദ്ധത്തിന് വഴിതെളിക്കുമെന്ന ആശങ്ക വർദ്ധിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&